# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3391** — **23.06.2014- ൽ മറുപടിക്ക്**

## കൊല്ലം തുറമുഖത്ത് നിന്നും യാത്രാക്കപ്പൽ സർവ്വീസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. കെ. ഗുരുദാസൻ : | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്ത് നിന്നും യാത്രാക്കപ്പൽ സർവ്വീസ് നടത്തുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) | കൊല്ലം തുറമുഖത്ത് യാത്രാ കപ്പലുകൾ അടുക്കുന്നതിന് 20 കോടി രൂപ ചെലവിൽ കണ്ടെയ്നർ-കം-പാസഞ്ചർ ടെർമിനൽ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിട്ടുണ്ട്. പ്രസ്തുത പ്രവർത്തിക്കായുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഏതെല്ലാം സ്ഥലങ്ങളിലേക്കാണ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നത്; ഇതു സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (ബി) | കൊല്ലം തുറമുഖത്ത് നിന്ന് ലക്ഷദ്വീപിലേയ്ക്ക് പാസഞ്ചർ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യതകൾ ചർച്ച ചെയ്തു കൊണ്ടിരിക്കുന്നു. കൊച്ചി - വിഴിഞ്ഞം തുറമുഖങ്ങൾക്കിടയിലാണ് പാസഞ്ചർ സർവ്വീസ് തുടങ്ങാൻ ഉദ്ദേശിക്കുന്നത്. ടി സർവ്വീസ് കൊല്ലം തുറമുഖത്തേയ്ക്കും വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലാണ്. |
| (സി) | യാത്രാക്കപ്പൽ സർവ്വീസ് എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ? | (സി) | കൊച്ചി-വിഴിഞ്ഞം തുറമുഖങ്ങൾക്കിടയിൽ ഉള്ള യാത്രാക്കപ്പൽ സർവ്വീസ് സെപ്തംബർ 2014 ഓടെ ആരംഭിക്കുവാനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ലക്ഷദ്വീപിലേയ്ക്കുള്ള യാത്രാക്കപ്പൽ ആരംഭിക്കുന്നതിന് ഭരണകൂടവുമായി ചർച്ച |

നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടൂറിസ്റ്റ് കപ്പലുകൾ നിലവിലുള്ള സൗകര്യം ഉപയോഗിച്ച് കൊല്ലം തുറമുഖത്തേക്ക് കൊണ്ടുവരുന്ന കാര്യത്തിലുള്ള ചർച്ചയും നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ